**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **11-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് മുൻഗണന പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരാണെന്ന് കണ്ടെത്തി ഒഴിവാക്കപ്പെട്ടവർക്ക് പകരമായി അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. കേന്ദ്രം നിശ്ചയിച്ച പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി 154,80,040 ആയി നിജപ്പെടുത്തിയിട്ടുണ്ട്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുൻഗണനാ കാർഡ് സറണ്ടർ പദ്ധതി പ്രകാരം സറണ്ടർ ചെയ്ത കാർഡുകൾ ഉൾപ്പെടെ 1,30,000 മുൻഗണനാ കാർഡുകൾ അർഹരെ കണ്ടെത്തി വിതരണം ചെയ്തുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അനർഹരെ ഒഴിവാക്കിയെന്നും എത്ര അർഹരെ ഉൾപ്പെടുത്തിയെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു |
| (സി) | മുൻഗണന പട്ടികയിലെ കാർഡിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരെ കണ്ടെത്തുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | എല്ലാ സർക്കാർ ജീവനക്കാരും സ്വന്തം പേര് ഉൾപ്പെട്ട റേഷൻകാർഡ്, ബന്ധപ്പെട്ട ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും അനർഹമായി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട കാർഡുകളുടെ നമ്പർ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർക്ക് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്യുന്നതിനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | ജില്ലാ | മുൻഗണനാ റേഷൻകാർഡ് സ്വയം സറണ്ടർ ചെയ്തത് | സ്വമേധയായും പരിശോധനയിലൂടെയും ലഭ്യമായ ഒഴിവുകളിലേയ്ക്ക് ഉൾപ്പെടുത്തിയ കാർഡുകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 7564 | 15378 |
| 2 | കൊല്ലം | 6238 | 12388 |
| 3 | പത്തനംതിട്ട | 3686 | 4524 |
| 4 | ആലപ്പുഴ | 5475 | 12250 |
| 5 | കോട്ടയം | 4356 | 5896 |
| 6 | ഇടുക്കി | 3001 | 3641 |
| 7 | എറണാകുളം | 8614 | 9115 |
| 8 | തൃശ്ശൂർ | 5052 | 10761 |
| 9 | പാലക്കാട് | 7809 | 19299 |
| 10 | മലപ്പുറം | 17519 | 9856 |
| 11 | കോഴിക്കോട് | 7392 | 11865 |
| 12 | വയനാട് | 1888 | 4521 |
| 13 | കണ്ണൂർ | 4928 | 8698 |
| 14 | കാസർഗോഡ് | 2691 | 4270 |
| | ആകെ | **86213** | **132462** |